## പ്രധാനവാർത്ത

1. തദ്ദേശ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചതോടെ മത്സര ചിത്രം തെളിഞ്ഞു. പ്രചാരണപ്രവർത്തനങ്ങളിൽ മാതൃകാപെരുമാറ്റച്ചട്ടം കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദേശം.

2. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ രാജ്യത്ത് ഇതുവരെ 99 ശതമാനത്തിലധികം എന്യൂമറെഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

3. ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

RNJU TVPM

4. **പ്രശസ്ത ഹിന്ദി സിനിമാതാരം ധർമേന്ദ്ര മുംബൈയിൽ അന്തരിച്ചു. വിടവാങ്ങിയത് ബോളിവുഡിൽ ആറ് പതിറ്റാണ്ട് കാലം നിറഞ്ഞു നിന്ന ഇതിഹാസതാരം. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടയുള്ളവർ അനുശോചിച്ചു.**

5. **കേന്ദ്രതൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ സംസ്ഥാനത്ത് ഈ മാസം 27 ന് മന്ത്രി വി.ശിവൻകുട്ടി ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം വിളിച്ചു.**

6. **ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. ദർശനത്തിനുള്ള നാളത്തെ സ്പോട്ട് ബുക്കിംഗ് 5,000 ആയി നിജപ്പെടുത്തി.**

RNU TVPM

**<u>തദ്ദേശ തിരഞ്ഞെടുപ്പ്</u>**

തദ്ദേശ തിരഞ്ഞെടുപ്പിലെ മത്സര ചിത്രം തെളിഞ്ഞു. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചതോടെ ഇനി പ്രചാരണത്തിലായിരിക്കും മുന്നണികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സമ്മതിദായകരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാൻ സ്ഥാനാർത്ഥികൾക്കൊപ്പം മുതിർന്ന നേതാക്കളും കൂടുതൽ സജീവമാകും. ഇനിയുള്ള രണ്ടാഴ്ച ക്കാലം സംസ്ഥാനം പ്രചാരണചൂടിലേക്ക് മാറും. തിരഞ്ഞെടുപ്പ്

ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കുള്ള പോസ്റ്റൽ ബാലറ്റ് വിതരണം ബുധനാഴ്ച ആരംഭിക്കും. അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. ഡിസംബർ 13 ന് വോട്ടെണ്ണൽ നടക്കും.

---

## തിരഞ്ഞെടുപ്പ് പ്രചാരണം

തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള പ്രചാരണപ്രവർത്തനങ്ങൾ തിരഞ്ഞെടുപ്പ് നിയമങ്ങളും മാതൃകാപെരുമാറ്റചട്ടവും പാലിച്ചുവേണം നടത്താനെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ. സമാധാനപൂർണമായ പ്രചാരണ പ്രവർത്തനങ്ങളിലൂടെ തിരഞ്ഞെടുപ്പ് നീതിപൂർവവും, നിഷ്പക്ഷവും, സുതാര്യവുമായി നടത്തുന്നതിന് എല്ലാ സ്ഥാനാർത്ഥികളും രാഷ്ട്രീയപാർട്ടികളും സഹകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. മാതൃകാപെരുമാറ്റചട്ടം പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും തിരഞ്ഞെടുപ്പ് നിരീക്ഷകർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദ്ദേശം നൽകി.

RNU TVPM

---

## ഹരിത ചട്ടം - സ്ക്വാഡ്

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹരിത ചട്ടം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ എൻഫോഴ്സ്മെൻറ് സ്കാഡിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 450 കിലോ നിരോധിത ഫ്ലക്സ് പിടിച്ചെടുത്തു. പ്രിന്റിങ് മെറ്റിരിയൽ ഹോൾസെയിൽ ഗോഡൗണുകളിൽ നടത്തിയ പരിശോധനയിലാണ് ഫ്ലക്സ് പിടികൂടിയത്. ഫ്ലക്സ് സൂക്ഷിച്ച സ്ഥാപന ഉടമയ്ക്ക് നോട്ടീസ് നൽകുകയും പിഴ ചുമത്തുന്നതിനായി പിടിച്ചെടുത്ത വസ്തുക്കൾ കോർപറേഷന് കൈമാറുകയും ചെയ്തു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## <u>ഇടുക്കി - ഇൻട്രോ</u>

ശക്തമായ പോരാട്ടം നടക്കുന്ന ഇടുക്കി തൊടുപുഴ നഗരസഭയിൽ ഇത്തവണ അധ്യക്ഷ സ്ഥാനം വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. മികച്ച സ്ഥാനാർത്ഥികളെ രംഗത്തിറക്കി മൂന്ന് മുന്നണികളും ആദ്യ റൗണ്ട് പ്രചാരണം പൂർത്തിയാക്കി കഴിഞ്ഞു.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## വോട്ടർ പട്ടിക പരിഷ്കരണം

വോട്ടർ പട്ടിക തീവ്ര പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചതിനുശേഷം 99 ശതമാനത്തിലധികം എന്യൂമറെഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇതുവരെ വിതരണം ചെയ്ത ഫോമുകളുടെ എണ്ണം 50 കോടി 50 ലക്ഷം കവിഞ്ഞതായി കമ്മീഷൻ അറിയിച്ചു. കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഈ മാസം 4 നാണ് രണ്ടാം ഘട്ട വോട്ടർ പട്ടിക പരിഷ്കരണം ആരംഭിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## ചീഫ് ജസ്റ്റിസ് -രാഷ്ട്രപതി

ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു ജസ്റ്റിസ് സൂര്യകാന്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാർ തുടങ്ങിയവർ സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുത്തു. ജസ്റ്റിസ് ബി ആർ ഗവായിയുടെ പിൻഗാമിയായാണ് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് ചുമതലയേറ്റത്. 2027 ഫെബ്രുവരി 9

RNU TVPM

വരെയാണ് കാലാവധി. അനുച്ഛേദം 370 റദ്ദാക്കിയത് ഉൾപ്പെടെയുള്ള നിരവധി നിർണായക വിധികൾ പ്രസ്താവിച്ച സുപ്രീംകോടതി ബഞ്ചിൽ അദ്ദേഹം ഉൾപ്പെട്ടിരുന്നു.

## സ്ത്രീകൾക്ക് അതിവേഗ സഹായം

സ്ത്രീകൾക്ക് അതിവേഗ സഹായം ഉറപ്പാക്കുന്നതിനായി ദേശീയ വനിതാ കമ്മീഷൻ പുതിയ ഹെൽപ്പ്ലൈൻ നമ്പർ ആരംഭിച്ചു. 1 4 4 9 0 എന്ന ടോൾ ഫ്രീ നമ്പർ ഇനി മുതൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തനസജ്ജമായിരിക്കും. കമ്മീഷന്റെ നിലവിലുള്ള ഹെൽപ്പ്ലൈനുമായി ബന്ധിപ്പിച്ചിരിക്കുന്ന ഈ നമ്പർ തിരികെ വിളിക്കാവുന്ന ഷോർട്ട് കോഡായും പ്രവർത്തിക്കും.

## കൈനകരി കേസ്

ആലപ്പുഴ കൈനകരിയിൽ ഗർഭിണിയായ യുവതിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി പ്രബീഷിന് വധശിക്ഷ. പുന്നപ്ര സ്വദേശി അനിത ശശിധരനെ കൊലപ്പെടുത്തിയ കേസിൽ ആലപ്പുഴ

RNUTVPM

അഡീഷനൽ ജില്ലാ സെഷൻസ് കോടതിയുടെതാണ് ഉത്തരവ്. ഗർഭിണിയായ അനിതയെ പ്രതി പ്രബീഷ് , പെൺസുഹൃത്ത് രജനിയുടെ സഹായത്തോടെ 2021ൽ കൊലപ്പെടുത്തിയതായി കണ്ടെത്തുകയായിരുന്നു. ഒഡിഷയിൽ ലഹരി കേസിൽ ജയിലിൽ കഴിയുന്ന രണ്ടാം പ്രതി രജനിയ്ക്കുള്ള ശിക്ഷ കോടതി പിന്നീട് പ്രസ്താവിക്കും.

❀❀❀❀❀❀❀❀❀❀❀❀❀

**ഭരണഘടനാദിന ക്വിസ് മത്സരം**

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിന്റെ സഹകരണത്തോടെ ആകാശവാണി തിരുവനന്തപുരം നിലയം ഹൈസ്കൂൾ വിദ്യാർഥികൾക്കായി ഭരണഘടനാദിന ക്വിസ് മത്സരം സംഘടിപ്പിക്കും. മറ്റന്നാൾ രാവിലെ 10 മണി മുതൽ ആകാശവാണി തിരുവനന്തപുരം നിലയത്തിലാണ് മത്സരം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്.

RNUTVPM

❀❀❀❀❀❀❀❀❀❀❀❀❀

**യോഗം-മന്ത്രി വി ശിവൻകുട്ടി**

കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ

മന്ത്രി വി.ശിവൻകുട്ടി കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം വിളിച്ചു. ഈ മാസം 27-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഓൺലൈൻ ആയാണ് യോഗം. കേന്ദ്ര ലേബർ സെക്രട്ടറി ഇന്ന് വിളിച്ചുചേർത്ത സംസ്ഥാന ലേബർ ഉദ്യോഗസ്ഥരുടെ യോഗത്തിൽ തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട കേരളത്തിന്റെ നിലപാട് വ്യക്തമാക്കിയതായും ശ്രീ വി.ശിവൻകുട്ടി അറിയിച്ചു.

RNU TVPM

## <u>ധർമേന്ദ്ര അന്തരിച്ചു (ഇൻട്രോ)</u>

ബോളിവുഡിന്റെ ഇതിഹാസതാരം ധർമേന്ദ്ര അന്തരിച്ചു. 89 വയസ്സായിരുന്നു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് മുംബൈയിലെ വസതിയിൽ വച്ചായിരുന്നു അന്ത്യം. 300 ലേറെ ചലച്ചിത്രങ്ങളിൽ അഭിനയിച്ച അദ്ദേഹത്തെ 2012 -ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്.

**ഒരു റിപ്പോർട്ട്.....**

## <u>ധർമേന്ദ്ര അന്തരിച്ചു (വോയിസ്)</u>

ആറ് പതിറ്റാണ്ട് നീണ്ട അഭിനയ ജീവിതത്തിലൂടെ ധർമേന്ദ്ര ബോളിവുഡിൽ അറിയപ്പെട്ടിരുന്നത് ഹീ-മാൻ എന്നായിരുന്നു. 1960-ൽ ഇറങ്ങിയ 'ദിൽ ഭി തേരാ, ഹം ഭി തേരാ' എന്ന ചിത്രത്തിലൂടെയായിരുന്നു തുടക്കം. ഷോലെ, ധരംവീർ, ചുപ്‌കേ ചുപ്‌കേ, ഡ്രീം ഗേൾ തുടങ്ങിയ ചിത്രങ്ങളിലെ നായക വേഷങ്ങളിലൂടെ അദ്ദേഹം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഏറ്റവും കൂടുതൽ ഹിറ്റ് ചിത്രങ്ങളിൽ അഭിനയിച്ച റെക്കോർഡും ധർമേന്ദ്ര സ്വന്തമാക്കി. സിനിമയിൽ മാത്രമല്ല രാഷ്ട്രീയ രംഗത്തും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. രാജസ്ഥാനിലെ ബിക്കാനീറിൽ നിന്ന് 2004 മുതൽ 2009 വരെ ബിജെപിയുടെ ലോക്‌സഭാ അംഗമായിരുന്നു ധർമേന്ദ്ര. ലോക്‌സഭ എം പിയും പ്രശസ്ത സിനിമ നടിയുമായ ഹേമ മാലിനിയാണ് ഭാര്യ.

RIJU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## <u>ധർമ്മേന്ദ്ര-അനുസ്മരണം</u>

ധർമ്മേന്ദ്രയുടെ വിയോഗത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി , പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. ധർമ്മേന്ദ്രയുടെ വിയോഗം ഇന്ത്യൻ സിനിമയ്ക്ക് വലിയ നഷ്ടമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ശ്രദ്ധേയമായ പ്രകടനങ്ങളിലൂടെയും കലയോടുള്ള അചഞ്ചലമായ

സമർപ്പണബോധത്തിലൂടെയും, ധർമ്മേന്ദ്ര ഇന്ത്യൻ സിനിമയെ സമ്പന്നമാക്കിയെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ അനുസ്മരിച്ചു. ധർമ്മേന്ദ്രയുടെ വിയോഗത്തിലൂടെ ഇന്ത്യൻ സിനിമയിൽ ഒരു യുഗം അവസാനിച്ചിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

മുഖ്യമന്ത്രി പിണറായി വിജയനും അനുശോചനം രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**INS മാഹി**

ഇന്ത്യയുടെ ആദ്യ തദ്ദേശീയ അത്യാധുനിക അന്തർവാഹിനിവേധ യുദ്ധക്കപ്പലായ INS മാഹിയുടെ കമ്മീഷനിങ് മുംബൈയിലെ നേവൽ ഡോക്ക്‌യാർഡിൽ നടന്നു. കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡാണ് കപ്പലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല (INTRO)**

ഭക്തജനത്തിരക്കിൽ സന്നിധാനം. ഇന്ന് വൈകിട്ട് അഞ്ച് മണിവരെ 82,105 തീർഥാടകരാണ് ദർശനം

RJU TVPM

നടത്തിയത്. തിരക്ക് പരിഗണിച്ച് നാളെ ശബരിമല ദർശനത്തിനുള്ള സ്പോട്ട് ബുക്കിംഗ് എണ്ണം 5,000 ആയി നിജപെടുത്തിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**

**(വോയിസ്)**

☸☸☸☸☸☸☸☸☸☸☸☸☸

**<u>മഴ</u>**

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸